പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :557 — 03.03. 2020 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

" പി.ജെ.ജോസഫ്

" സി.എഫ്.തോമസ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) സംസ്ഥാനത്തെ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല |
| (ബി) വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാനുള്ള എന്തെല്ലാം നടപടികളാണ് വൈദ്യുതി ബോർഡ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ബി.എൽ ചുവടെ പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>(i) സർക്കാരിലെ വിവിധ വകുപ്പുകളുമായി സഹകരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br><br>(ii) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കിട്ടാകടങ്ങൾക്ക് പലിശയിൽ കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ ഇളവു നൽകി പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. 2016,2018,2019 എന്നീ വർഷങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ നിലവിലുള്ള 2019 - ലെ പദ്ധതി, (OTS - 2019) 29.02.2020 വരെ നിലവിലുണ്ട്.<br><br>(iii) സർക്കാർ തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി, കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക തുക, ഘട്ടം ഘട്ടമായി ബഡ്ജറ്റിൽ വകയിരുത്തി, ലഭ്യമാക്കിവരുന്നു. |
| (സി) വൈദ്യുതി ബോർഡിന്റെ പതിനെട്ട് ശതമാനം പിഴപ്പലിശ എന്ന രീതി ഒഴിവാക്കി കുടിശ്ശികക്കാരിൽ നിന്നും തുക മാത്രം ഈടാക്കാൻ നടപടി കൈക്കൊള്ളുമോ; | (സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ ഷെഡ്യൂൾ-1 പ്രകാരമാണ്, കെ.എസ്.ഇ.ബി ലിമിറ്റഡിലെയും സംസ്ഥാനത്തെ മറ്റു വിതരണ ലൈസൻസികളുടെയും ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയാൽ പിഴ ഈടാക്കുന്നത്. കുടിശ്ശിക കാലാവധി 30 ദിവസം വരെയാണെങ്കിൽ 12% വാർഷിക നിരക്കിലും അതിനു മുകളിൽ 18% നിരക്കിലും പലിശ ഈടാക്കി വരുന്നു. ഇതിൽ ഭേദഗതി വരുത്തുവാൻ വിതരണ ലൈസൻസിയെന്ന നിലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് അധികാരമില്ല. |
| (ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് കണക്റ്റഡ് ലോഡ് | (ഡി) ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിമിസിസിലെ കണക്റ്റഡ് ലോഡ് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയുടെ പിൻബലത്തിൽ മാത്രം |

| | |
|---|---|
| ക്രമീകരിക്കുവാനുള്ള അവസരം ബോർഡ് നൽകുമോയെന്ന് അറിയിക്കാമോ; | നിയമാനുസൃതമാക്കാൻ കെ.ഇ.എസ്.ഇ.ബി ലിമിറ്റഡ് അനുമതി നൽകിയിട്ടുണ്ട്. കണക്റ്റഡ് ലോഡ് ക്രമീകരിക്കുവാൻ ഉപഭോക്താക്കൾക്ക് ടെസ്റ്റിംഗ് ഫീസും ആപ്ലിക്കേഷൻ ഫീസും ഒഴിവാക്കി കൊണ്ടും സെക്യൂരിറ്റി ഡെപ്പോസിറ്റ് അധികമായി വരുന്നുണ്ടെങ്കിൽ അവ അടയ്ക്കുവാൻ സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതി വരെ സമയം നൽകിയുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത് . നിലവിലെ പദ്ധതിയ്ക്ക് 31 .03 .2020 വരെ പ്രാബല്യം ഉണ്ട്. |
| (ഇ) നഗരപ്രദേശങ്ങളിൽ ആവശ്യക്കാർക്ക് ത്രീഫെയിസ് ലൈൻ ലഭ്യമാക്കാമോ; ആയതിനുള്ള നടപടികൾ വ്യക്തമാക്കാമോ? | (ഇ) ഒരു പ്രദേശത്തെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന്റെയോ വിതരണ ശൃംഖലതന്നെ മെച്ചപ്പെടുത്തുന്നതിന്റെയോ ഭാഗമായി വോൾട്ടേജ് ഇമ്പ്രൂവ്മെന്റ്/സിസ്റ്റം ഇമ്പ്രൂവ്മെന്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നഗര/ഗ്രാമ പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതുതായി ത്രീ ഫേസ് ലൈൻ വലിക്കുകയോ നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസായി മാറ്റുകയോ ചെയ്യാറുണ്ട് . |

സെക്ഷൻ ഓഫീസർ